കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പാലമേൽ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്കാര്യാലയം ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി 6/1332/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ

തീയതി.02.12.2016

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

പാലമേൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പാലമേൽ ഗ്രാമ പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലമേൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്എ./എ.എൽ.പി/പി6/1332/16 തീയതി:02.12.2016

ആലപ്പുഴജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ
2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള
ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22/7/2015മുതൽ 31/3/2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ .സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 5.11.2016മുതൽ 15.11.2016 വരെ | ശ്രീ.ബി.ലിജിലാൽ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി .മായാദേവി.സി എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി .ദീപ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ഫമിൻ.എസ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. ബിജു | 1.4.2015മുതൽ 31.10.2015വരെ |
| | ശ്രീമതി.ഓമന വിജയൻ | 1.11.2015മുതൽ 31.3.2016വരെ |
| സെക്രട്ടറി | ശ്രീ..ആർ . മുരുഗേഷ് | 1.4.2015മുതൽ 10.8.2015വരെ (അഡീഷണൽ ചാർജ്ജ്) |
| | ശ്രീ.ബിന്ദുരാജ്.എം.എ | 10.8.2015മുതൽ 31.3.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.സിജി സൂസൻ ജോർജ് | 1.4.15. മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. കെ.എം രവി | 1.4.15. മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ. തനുജ | 1.4.15. മുതൽ 31.3.16 വരെ |
| വി.ഇ.ഓ. കുടശ്ശനാട് സർക്കിൾ | ശ്രീ.ദിലീപ് കുമാർ | 1.4.15. മുതൽ 31.3.16 വരെ |
| വി.ഇ.ഓ. പണയിൽ സർക്കിൾ | ശ്രീമതി ബിനു.വി | 1.4.15. മുതൽ 31.3.16 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി. കവിത | 1.4.15. മുതൽ 31.3.16 വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി.ആർ .ശൈലജ | 1.4.15. മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ. അബ്ദുൾ വാഹിത് | 1.4.15. മുതൽ 31.3.16 വരെ |

ഉള്ളടക്കം

| ക്രമ | ഭാഗം 1 | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വരുമാനത്തിൽ വൻ ഇടിവ് - നികുതി സമാഹരണത്തിൽ അലംഭാവം | 2-1 |
| 12 | വസ്തു നികുതി, പെർമിറ്റ് - രജിസ്റ്ററുകളും ഫയലുകളും കൃത്യമല്ല | 2-2 |
| 13 | വിമുക്തഭടന്മാരുടെ വസ്തു നികുതിയൊഴിവ് - രേഖകൾ പൂർണ്ണമല്ല | 2-3 |
| 14 | അൺ എയ്ഡഡ് കോളേജ് വസ്തു നികുതി അടക്കുന്നില്ല, അനധികൃത നിർമ്മാണം തടയപ്പെട്ടില്ല | 2-4 |
| 15 | കെ.എസ്.ഇ.ബി വാടക കുടിശ്ശിക വരുത്തുന്നു | 2-5 |
| 16 | പരസ്യനികുതി ഈടാക്കുന്നില്ല | 2-6 |
| 17 | കുടുംബശ്രീയ്ക്കായി കടമുറി ഒഴിച്ചിട്ടു - ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 2-7 |
| | ഭാഗം 3 | |
| 18 | പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കാതെ പ്രവൃത്തി നിർവ്വഹണം നടത്തുക വഴി 4.11 ലക്ഷം രൂപയുടെ അധിക ചെലവ് | 3-1 |

| | | |
|---|---|---|
| | | |
| 19 | കുറഞ്ഞ നിരക്കിലുള്ള ടെൻഡർ ഒഴിവാക്കി മരാമത്ത് പണികളുടെ നിർവ്വഹണം - പഞ്ചായത്തിന് 244723 രൂപയുടെ അധികച്ചെലവ് | 3-2 |
| 20 | എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും വർക്കുകൾ ആരംഭിച്ചിട്ടില്ല | 3-3 |
| 21 | ഗ്രാമപഞ്ചായത്ത് കൗൺസിൽ ഹാൾ നവീകരണം - പാനലിംഗിന് തെറ്റായ അളവിൽ തുക അനുവദിച്ചത് വഴി നഷ്ടം | 3-4 |
| 22 | വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല | 3-5 |
| 23 | തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയില്ല – വർദ്ധിച്ച കറണ്ട് ചാർജ്ജ് ഒടുക്കേണ്ടി വരുന്നു | 3-6 |
| 24 | സ്റ്റാമ്പ് വാങ്ങിയത് - നടപടിക്രമങ്ങൾ പാലിച്ചില്ല | 3-7 |
| 25 | ഔഷധക്കഞ്ഞി വിതരണം - ചെലവ് രേഖകൾ പൂർണ്ണമല്ല | 3-8 |
| 26 | വാടകയ്ക്ക് നൽകിയ കടമുറികളുടെ കറണ്ട് ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് അടച്ചു | 3-9 |
| 27 | പണം നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും കുടിവെള്ള പദ്ധതികൾ പ്രാവർത്തികമായില്ല | 3-10 |
| 28 | ഐ.എ.വൈ പദ്ധതി വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 3-11 |
| 29 | ഇലക്ഷൻ മുന്നൊരുക്കങ്ങൾക്കായി ലഭിച്ച തുക അക്കൗണ്ട് ചെയ്യപ്പെട്ടില്ല | 3-12 |
| 30 | ആശ്രയ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് അവഗണിക്കുന്നു | 3-13 |
| 31 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല | 3-14 |
| 32 | വ്യത്യസ്ത കഴിവുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ - പദ്ധതി യഥാകാലം പൂർത്തിയായില്ല | 3-15 |
| 33 | കുടിവെള്ള കിണറിന് സബ്സിഡി - പരമാവധിയിൽ അധികമായി ആനുകൂല്യം നൽകി | 3-16 |
| 34 | മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-17 |

| | | |
|---|---|---|
| 35 | ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-18 |
| 36 | നിഷ്ക്രിയമായി അവശേഷിക്കുന്ന റിവോൾവിംഗ് ഫണ്ട് | 3-19 |
| | ഭാഗം 4 | |
| 37 | വാർഷിക കണക്കുകളുടെ പരിശോധന – അപാകതകൾ | 4-1 |
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ) | 4-4 |
| 41 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 43 | ഓഡിറ്റ് റിക്കവറി | 4-7 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28.03.2015 ൽ അംഗീകരിച്ചിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| വരവ് | 127361840 | 115374169* |
| ചെലവ് | 128348976 | 114318348* |

* എം.ജി.എൻ.ആർ.ഇ.ജി.എസ് ന് ഇ.എഫ്.എം.എസ് വഴി വന്ന തുകയും ക്ഷേമ പെൻഷനുകൾ നേരിട്ട് വിതരണം ചെയ്ത തുകയും സഹിതം.

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 28.07.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്- 16310835

വരവ് - 53428929/-

ആകെ - 69739764/-

ചെലവ് - 53101638/-

നീക്കിയിരിപ്പ്- 16638126/-

(റസിപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം)

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | TC ചെയ്ത് ലഭിച്ചത് | അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ചത് | ആകെ | TC ചെയ്തത് നൽകിയത് | ചെലവ് | സർക്കാരിലേക്ക തിരികെ അടച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1125000 | 2814845 | 11767145 | 9265021 | 13204866 | - | 13204866 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | - | 9098000 | 8272041 | 8272041 | - | 8272041 | 825959 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 0 | 5428063 | 5428063 | 5428063 | 584110 | 4843953 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3458177 | - | 0 | 0 | 3458177 | 2230735 | 3458177 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | | 7068000 | 0 | 7068000 | 0 | 6828879 | 239121 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | - | 3744000 | 0 | 3744000 | 0 | 3630161 | 113836 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 136380 | - | 34086999 | 34086999 | 34223379 | - | 34148870 | - | 74509 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 162 | 55160856 | 130 | 43829891 | 32 | 80.24 |

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 26.61ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 5565452 | 3894862 | -1670590 | -30.02 |
| നികുതിയേതര വരവുകൾ | 921333 | 825700 | -95633 | -10.38 |
| മറ്റുവരവുകൾ | 470818 | 385748 | -85070 | -18.07 |
| ആകെ | 6957603 | 5106310 | 1851293 | (-)26.61 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 655200 | 394 |
| കർഷകതൊഴിലാളി പെൻഷൻ | 4174410 | 542 |
| വിധവാപെൻഷൻ | 11977760 | 1344 |
| വാർദ്ധക്യകാലപെൻഷൻ | 8117940 | 2264 |
| വികലാംഗപെൻഷൻ | 3081400 | 341 |
| വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം | 450000 | 9 |
| അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 581200 | 61 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14/11/2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുക യുണ്ടായി. പരിശോധനയിൽ 8987/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26/10/16 | സെപ്റ്റംബർ 2016 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19/9/2013-23 /9/2013 | 2008-09 മുതൽ 2012-13 വരെ | 8/11/13 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വരുമാനത്തിൽ വൻ ഇടിവ് - നികുതി സമാഹരണത്തിൽ അലംഭാവം

പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ തൻവർഷം വൻകുറവാണ് ഉണ്ടായത്. നികുതി, നികുതിയേതരവരുമാനത്തിൽ ഈ കുറവ് പ്രകടമായി. നികുതി വരുമാനത്തിൽ 16.70ലക്ഷം രൂപയുടേയും നികുതിയേതരവരുമാനത്തിൽ 0.95 ലക്ഷം രൂപയുടേയും കുറവാണ് മുൻവർഷത്തെ അപേക്ഷിച്ച് സംഭവിച്ചത്. വസ്തുനികുതിയിലാണ് ഏറ്റവും വലിയ വ്യതിയാനം ഉണ്ടായത്. 2013-14, 14-15 വർഷങ്ങളേക്കാൾ ഈ ഇനത്തിലെ വരവിൽ കുറവുണ്ടായി. 2014-15 ൽ 34.69ലക്ഷം ഡിമാന്റ് ചെയ്ത് 23.93 ലക്ഷം രൂപ പിരിച്ചെടുത്ത സ്ഥാനത്ത് 2015-16 ൽ ഇത് യഥാക്രമം 29.68 ലക്ഷം, 12.76ലക്ഷം എന്നിങ്ങനെയായി കുറഞ്ഞു. സർക്കാർ നികുതി ഘടന പരിഷ്കരിച്ചത് നിമിത്തം ഡിമാന്റിൽ 5 ലക്ഷം രൂപയുടെ കുറവുണ്ടായി. അതേസമയം പിരിവിൽ 11 ലക്ഷത്തിന്റെ കുറവാണ് വന്നത്. 2014-15ൽ 68.98ശതമാനം പിരിവ് നടന്നപ്പോൾ 2015-16 ൽ ഇത് 43.01 ശതമാനമായി കുറഞ്ഞു. 2013-14 ൽ 18 ലക്ഷം ഡിമാന്റ് ചെയ്ത് 13.77 ലക്ഷം പിരിച്ചെടുത്ത (76.5%) സ്ഥാനത്താണ് തുകയിലും ശതമാനത്തിലും ഈ ഇടിവ് ഉണ്ടായത്. കുടിശ്ശിക പിരിവിലും ഇതേ തോതിലുള്ള കുറവ് ദൃശ്യമാണ്. മുൻവർഷം 11.56 ലക്ഷം രൂപയുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയത് തൻവർഷം 3.84ലക്ഷമായി കുറഞ്ഞു. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീസ് എന്നിവയിൽ നേരിയ വർദ്ധനവ് ഉണ്ടായെങ്കിലും ഇത് വസ്തുനികുതിയിൽ വന്ന കുറവിനെ പരിഹരിക്കുവാൻ തീർത്തും അപര്യാപ്തമാണ്.

പിരിവിൽ വന്ന കുറവിന് ഉദ്യോഗസ്ഥ തലത്തിലെ അനവധാനതയും ഒരു കാരണമാണ്. പഞ്ചായത്തിൽ നാല് ബിൽകളക്ടർമാരുണ്ടെങ്കിലും 2015-16 ൽ ഒരാളെ പോലും ഔട്ട്ഡോർ കളക്ഷനായി നിയോഗിക്കാൻ സെക്രട്ടറിക്ക് കഴിഞ്ഞില്ല. മുൻവർഷങ്ങളിലെ പോലെ വാർഡുകളിൽ ക്യാമ്പുകൾ വച്ച് ഊർജ്ജിത നികുതി പിരിവ് നടത്താനുള്ള ശ്രമങ്ങളും ഉണ്ടായില്ല. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 വസ്തുനികുതി, പെർമിറ്റ് - രജിസ്റ്ററുകളും ഫയലുകളും കൃത്യമല്ല

വസ്തുനികുതി നിർണ്ണയം നടത്തുമ്പോൾ കുറവ് ചെയ്യുന്ന തുറസ്സായ സ്ഥലങ്ങളുടെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തുന്നില്ല. ഇതുമൂലം ഏതൊക്കെ ഭഗങ്ങൾ ഒഴിവാക്കിയെന്നോ അവയുടെ വിസ്തീർണ്ണം എത്രയെന്നോ വ്യക്തമല്ല. നികുതിയിലുള്ള വിവിധ കിഴിവുകൾ, വർദ്ധനവുകൾ മുതലായവയും പല ഫയലുകളിലും വ്യക്തമാക്കിയിട്ടില്ല. വസ്തുനികുതി റിട്ടേൺ (ഫാറം 2) പൂർണ്ണമായി പൂരിപ്പിക്കപ്പെടുകയോ അതിൽ വേണ്ട പരിശോധനാ റിപ്പോർട്ട് കൃത്യമായി ചേർക്കുകയോ ചെയ്യുന്നില്ല.

കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, പെർമിറ്റിൽ അധികമായ നിർമ്മാണം തുടങ്ങിയവ രേഖപ്പെടുത്തുന്നില്ല. ആകയാൽ പെർമിറ്റ് നൽകി മൂന്ന് വർഷത്തിനകം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോയെന്നും, പെർമിറ്റിലധികമായി ചട്ടവിരുദ്ധനിർമ്മാണം നടന്നിട്ടുണ്ടോയെന്നും പരിശോധിക്കുവാനാകുന്നില്ല. രജിസ്റ്റർ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 വിമുക്തഭടൻമാരുടെ വസ്തു നികുതിയൊഴിവ് - രേഖകൾ പൂർണ്ണമല്ല

വിമുക്തഭടൻമാരുടെ വീടുകൾക്ക് വസ്തു നികുതി ഒഴിവാക്കുവാനായി പ്രതിവർഷം അപേക്ഷകൾ സ്വീകരിക്കുന്നുണ്ടെങ്കിലും അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കാതെയാണ് നികുതി ഒഴിവാക്കി നൽകുന്നത്. രജിസ്റ്ററിലും കൃത്യമായ രേഖപ്പെടുത്തലില്ല. അപേക്ഷകളിൽ തീയതി രേഖപ്പെടുത്തുന്നില്ല. അതിനാൽ അവ യഥാകാലം ലഭിച്ചതാണോ എന്ന് പരിശോധിക്കാൻ കഴിയുന്നില്ല. ഒരാളുടെ ഒന്നിലധികം വീടുകൾക്കോ രണ്ടായിരം ച.അടിയിൽ കൂടിയ ഗൃഹങ്ങൾക്കോ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നില്ല. രേഖകൾ കൃത്യമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഫയലുകളും രജിസ്റ്ററുകളും കൃത്യവും പൂർണ്ണവുമാണെന്നും, ജി.ഒ.(എം.എസ്.)242/2013/ത.സ്വ.ഭ.വ/2-7-2013 നംപർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 അൺ എയ്ഡഡ് കോളേജ് വസ്തുനികുതി അടക്കുന്നില്ല, അനധികൃത നിർമ്മാണം തടയപ്പെട്ടില്ല

ശ്രീമഹാലക്ഷ്മി എജ്യുക്കേഷൻ, സയന്റിഫിക് & ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള അർച്ചന ഹോസ്പിറ്റൽ കോംപ്ലക്സ്, അർച്ചന കോളേജ് ഓഫ് നേഴ്സിംഗ്, അർച്ചന കോളേജ് ഓഫ് എൻജിനീയറിംഗ് എന്നിവയുടെ 312/A,B,C,D(വാർഡ് മൂന്ന്) എന്നീ കെട്ടിടങ്ങൾക്ക് യഥാക്രമം 9072,9072,6480,12960 രൂപ വസ്തുനികുതി നിർണ്ണയിച്ച് 2009-10 വരെ ഈടാക്കിയിരുന്നു. തുടർന്ന് ഈടാക്കിയിട്ടില്ല. ഈടാക്കിയതുക തിരികെ കിട്ടാനും ഭാവിയിൽ വസ്തുനികുതി ഒഴിവാക്കി ലഭിക്കുന്നതിനും വേണ്ടി പ്രസ്തുത സ്ഥാപനം ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു (Wpc24930/11). കേരള പഞ്ചായത്ത് രാജ് നിയമം 1994വകുപ്പ് 207(1)(b)പ്രകാരം (7/10/2009ലെ ഭേദഗതി) അൺ എയ്ഡഡ് കോളേജുകൾ വസ്തുനികുതി അടക്കാൻ ബാദ്ധ്യസ്ഥരാണ്. 12/4/12ലെ 49590/RC2/2011/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഇത് 14/1/11 മുതൽ ഈടാക്കിയാൽ മതി. 23/8/2011 ൽ സെക്രട്ടറി പ്രസ്തുത സ്ഥാപനത്തിന് നൽകിയ നോട്ടീസിൽ (C2/6215/2011) സ്ഥാപനത്തിൽ നടന്ന അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് നീക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ കേസിനെ കുറിച്ച് 25/8/14ന് വക്കീലുമായി കത്തിടപാട് നടന്നശേഷം യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അനധികൃത നിർമ്മാണം സംബന്ധിച്ച വിവരം കോടതിയെ ധരിപ്പിച്ചതായും കാണുന്നില്ല. 23/8/2011 ന് ശേഷം അനധികൃത നിർമ്മാണത്തിനെതിരെ നടപടിയും എടുത്തിട്ടില്ല. അനധികൃത നിർമ്മാണത്തിനെതിരെ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. കെട്ടിടത്തിന്റെ വസ്തുനികുതിയും അനധികൃതനിർമ്മാണത്തിന് കേരള പഞ്ചായത്ത് രാജ് നിയമം 1994വകുപ്പ് 235 AA പ്രകാരമുള്ള പിഴയും കോടതിവിധിക്കനുസൃതമായി ഈടാക്കേണ്ടതാണ്.

## 2-5 കെ.എസ്.ഇ.ബി വാടക കുടിശ്ശിക വരുത്തുന്നു

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പഞ്ചായത്ത് വാടകയ്ക്ക് നൽകിയ കെട്ടിടത്തിന് പ്രതിമാസം 3450രൂപ വാടക നിശ്ചയിച്ചിട്ടുണ്ടെങ്കിലും 2015-16 ൽ ലഭിക്കേണ്ട 41400 രൂപ ലഭിച്ചിട്ടില്ല. മുൻവർഷങ്ങളിലെ വാടക165600 രൂപ കുടിശ്ശികയും ഉണ്ട്. വാടക കൃത്യമായി ഈടാക്കാൻ പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 പരസ്യനികുതി ഈടാക്കുന്നില്ല

2015-16 ലും മുൻവർഷങ്ങളിലും പഞ്ചായത്തിലെ പരസ്യനികുതി പിരിക്കാനുള്ള അവകാശം ലേലത്തിലെടുക്കാൻ ആരും തയ്യാറായില്ല. കായംകുളം - പുനലൂർ റോഡ് കടന്ന് പോകുന്ന പഞ്ചായത്തിൽ പരസ്യനികുതിക്ക് സാദ്ധ്യതകൾ ഏറെയാണ്. എന്നിട്ടും പരസ്യനികുതി നേരിട്ട് പിരിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. നിയമാവലി തയ്യാറാക്കി പരസ്യനികുതി നേരിട്ട് പിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 കുടുംബശ്രീയ്ക്കായി കടമുറി ഒഴിച്ചിട്ടു- ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ 2ാം നമ്പർ കടമുറി 28.4.14 മുതൽ 30.5.2016 വരെ കുടുംബശ്രീ പ്രവർത്തകർക്കായി ഒഴിച്ചിട്ടിരുന്നു. 28.4.14 ലെ III/416(f)/2014 തീരുമാന പ്രകാരമാണ് കടമുറി ഒഴിച്ചിട്ടത്. എന്നാൽ 30.5.16 വരെ കടമുറി കുടുംബശ്രീ പ്രവർത്തകർ ഏറ്റെടുക്കുകയോ ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തിരുന്നില്ല. കരാർ ചമയ്ക്കുന്നതിന് ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ ഗ്രൂപ്പുകളെ അറിയിക്കുകയോ ഇക്കാലയളവിൽ കടമുറി ലേലത്തിൽ വയ്ക്കുകയോ ചെയ്തിട്ടില്ല. 30.5.16ൽ കടമുറി ലേലത്തിൽ വയ്ക്കുകയും 6/2016 മുതൽ 6100/-രൂപ മാസം തോറും വാടകയായി ലഭിക്കുകയും ചെയ്യുന്നുണ്ട്. രണ്ട് വർഷത്തോളം കടമുറി ലേലം ചെയ്യാതിരുന്നതിനാൽ ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വാടകയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/9.11.16) കമ്മിറ്റി തീരുമാനപ്രകാരം കുടുംബശ്രീ സംരഭങ്ങളുടെ ഉത്പാദന വസ്തുക്കളുടെ വിപണനത്തിനായി അനുവദിച്ച നൽകിയ കടമുറി ടി ആവശ്യത്തിനായി ഉപയോഗിച്ച വരികയായിരുന്നുവെന്ന് സെക്രട്ടറി മറുപടി നൽകി. എന്നാൽ പ്രസ്തുത കുടുംബശ്രീ യൂണിറ്റുകളുമായി എഗ്രിമെന്റ് ചമയ്ക്കുകയോ, കടമുറിക്ക് വാടക നിശ്ചയിച്ച് ഈടാക്കുകയോ ചെയ്തിട്ടില്ല. കുടംബശ്രീ യൂണിറ്റിന് അനുവദിച്ച കടമുറി ഉപയോഗിക്കാതിരുന്നതിനാലാണ് പുനർലേലം ചെയ്ത് വാടകയ്ക്ക് നൽകിയതെന്നിരിക്കെ, പ്രസ്തുത കടമുറി ഉപയോഗിച്ച വന്നിരുന്ന എന്ന മറുപടി അംഗീകരിക്കത്തക്കതല്ല. രണ്ടു വർഷത്തിനു മേൽ കടമുറി ഒഴിഞ്ഞു കിടന്നിട്ടും അത് പുനർലേലം നടത്താതിരുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ വരുമാനനഷ്ടം കണക്കാക്കി ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കാതെ പ്രവൃത്തി നിർവ്വഹണം നടത്തുക വഴി 4.11 ലക്ഷം രൂപയുടെ അധിക ചെലവ്

പഞ്ചായത്തിലെ മായയക്ഷിക്കാവ് - മാമൂട് റോഡിന്റെ 1150 മീറ്റർ പുനരുദ്ധരിക്കുന്നതിനായി 22 ലക്ഷം രൂപ അടങ്കലിൽ 15-16 വർഷം തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയുടെ (പ്രോജ നം. 90/16) നിർവ്വഹണം പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കാതെ നടത്തിയതുമൂലം 4.11 ലക്ഷം രൂപയുടെ അധികചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 22-08-2015 ൽ ഇ-ടെൻഡർ ക്ഷണിച്ചെങ്കിലും ടെൻഡറുകളൊന്നും ലഭിക്കാതിരുന്നതിനെ തുടർന്ന് റീ-ടെൻഡർ ചെയ്യുകയും താഴെ പറയും പ്രകാരം 3 ടെൻഡറുകൾ ലഭിക്കുകയും ചെയ്തിരുന്നു.

| കരാറുകാരന്റെ പേര് | ടെൻഡർ സമർപ്പിച്ച തീയതി | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| ചന്ദ്രശേഖരൻ ഉണ്ണിത്താൻ | 21/9/15 | എസ്റ്റിമേറ്റ് നിരക്ക് |
| വിനോദ്കുമാർ ബി | 21/9/15 | എസ്റ്റിമേറ്റിനേക്കാൾ 12.21% കുറവ് |
| കമറുദ്ദീൻ | 19/9/15 | എസ്റ്റിമേറ്റിനേക്കാൾ 18.88% കുറവ് |

എന്നാൽ ക്രമനം. (2), (3) കരാറുകാർ ഹാജരാക്കിയ ടെൻഡറുകൾക്കൊപ്പം ടെൻഡർ ഡോക്യുമെൻറ്സ്

സമർപ്പിച്ചിട്ടില്ല എന്ന കാരണം ചൂണ്ടിക്കാട്ടി 26/09/2015 കൂടിയ പഞ്ചായത്ത് കമ്മിറ്റി അവരുടെ ടെൻഡറുകൾ നിരസിക്കുകയും, വർക്ക് എസ്റ്റിമേറ്റ് നിരക്കിൽ ഒന്നാം കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തു (തീരുമാന നം. III(1)/2015/26-09-15). 23.1.2016 ൽ പൂർത്തീകരിച്ച ഈ വർക്കിന്റെ മൂല്യനിർണ്ണയ പ്രകാരമുള്ള 21,78,501/-രൂപയിൽ നിന്നും നികുതികൾ കഴിച്ച് ശേഷിച്ച 2030548/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട് (ചെക്ക് നം.59292/18-2-16). വർക്കിന്റെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ടെൻഡർ തുറന്ന 26/09/2015 ൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രണ്ട് കരാറുകാരും ടെൻഡർ ഡോക്യുമെൻറ്സ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിനുള്ള വിശദീകരണവും, ടെൻഡർ ഡോക്യുമെൻറ്സ് ഹാജരാക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അതും 28/09/15ന് മുൻപായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അസി.എൻജിനീയർ 26.9.2015ൽ ടി കരാറുകാർക്ക് കത്ത് നൽകിയിരുന്നു. കരാറുകാർ ഹാജരാക്കാത്ത ടെൻഡർ ഡോക്യുമെൻറുകൾ ഏതെല്ലാമാണെന്ന് കത്തിൽ വ്യക്തമാക്കിയിട്ടില്ല. എന്നാൽ ഇ-ടെൻഡർ സമർപ്പണത്തിനു ശേഷവും ലഭ്യമാക്കാവുന്ന ഡോക്യുമെൻറ്സാണ് ഇതെന്ന് ഇപ്രകാരം ഒരു കത്ത് നൽകിയതിൽ നിന്നും വ്യക്തവുമാണ്. കരാറുകാർ 28/09/15ൽ മറുപടി ഹാജരാക്കിയെങ്കിലും പ്രസ്തുത ഡോക്യുമെന്റുകൾ ലഭ്യമാക്കിയതായി രേഖയില്ല.

ടെന്റർ ഡോക്യുമെന്റുകൾ 28/09/15 ന മുൻപായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാർക്ക് കത്തുനൽകിയ 26/09/2015 ൽ തന്നെ പഞ്ചായത്ത് കമ്മിറ്റി പ്രസ്തുത കരാറുകാരുടെ ടെൻഡറുകൾ തള്ളികൊണ്ടും എസ്റ്റിമേറ്റ് നിരക്കിലുള്ള ശ്രീ. ചന്ദ്രശേഖരൻ ഉണ്ണിത്താന്റെ ടെൻഡർ അംഗീകരിച്ചുകൊണ്ടും തീരുമാനമെടുത്തിട്ടുണ്ട്. ടിയാനെ വർക്ക് ഏൽപ്പിക്കുവാൻ തീരുമാനിച്ച ശേഷം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാർക്ക് കത്തയച്ചതിൽ നിന്നും നടപടിക്രമങ്ങളുടെ വിശ്വാസ്യത തന്നെ ചോദ്യം ചെയ്യപ്പെടുന്നു. കുറഞ്ഞനിരക്കിൽ വർക്കിന്റെ നിർവ്വഹണത്തിനുള്ള സാധ്യത തള്ളിക്കളഞ്ഞു എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. കൂടാതെ ടെൻഡർ നോട്ടീസ് പ്രകാരം 26.9.15 ന് 11 AM ആണ് ടെൻഡർ തുറക്കുന്നതായി കാണിച്ചിട്ടുള്ളത്. എന്നാൽ അന്നേ ദിവസം 11 AM ന് ആരംഭിച്ച പഞ്ചായത്ത് കമ്മിറ്റി ഈ ടെൻഡറുകൾ പരിഗണിച്ച് എസ്റ്റിമേറ്റ് നിരക്കിലുള്ള ടെൻഡർ അംഗീകരിച്ചുവെന്നതും ദുരൂഹമാണ്.

2. 22ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഈ വർക്കിന്റെ നിർവ്വഹണത്തിനായി 18.88% കുറഞ്ഞനിരക്കിൽ വരെ ടെൻഡറുകൾ ലഭിച്ചിരിക്കെ സർക്കാർ നിർദ്ദേശാനുസരണം വിപുലമായ പരസ്യം നൽകി റീ-ടെൻഡർ ചെയ്യുവാനുള്ള സാധ്യത പഞ്ചായത്ത് കമ്മിറ്റി പരിശോധിക്കാതിരുന്നത് ക്രമപ്രകാരമല്ല. വർക്കിന്റെ നിർവ്വഹണത്തിനായി മതിയായ സമയമുണ്ടായിരുന്നിട്ടും പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യങ്ങൾ പരിഗണിച്ച് റീ-ടെൻഡർ നടപടി സ്വീകരിക്കാതെ, എസ്റ്റിമേറ്റ് നിരക്കിലുള്ള ടെൻഡർ അംഗീകരിക്കുക വഴി 4.11 ലക്ഷം രൂപയുടെ നഷ്ടമാണ് പഞ്ചായത്തിന് ഉണ്ടായത്. കുറഞ്ഞ നിരക്കിലുള്ള രണ്ടു ടെൻഡറുകളും അംഗീകരിക്കാതിരിക്കുക വഴി ഫലത്തിൽ സിംഗിൾ ടെൻഡർ മാത്രം പരിഗണിച്ച് വർക്കിന്റെ നിർവ്വഹണം നടത്തുന്ന അവസ്ഥ സംജാതമായി.

3. ഇ-ടെൻഡറിൽ പങ്കെടുത്ത് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശേഷം മതിയായ രേഖകൾ ഹാജരാക്കാതെ വർക്കിന്റെ നിർവ്വഹണത്തിൽ നിന്നും ഒഴിഞ്ഞുമാറി പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ചതായിപ്പറയുന്ന കരാറുകാർക്കെതിരെ ഏതെങ്കിലും നടപടി സ്വീകരിക്കുകയോ അവരുടെ ഇ.എം.ഡി (2 x 50000 = 100000) കണ്ടുകെട്ടുകയോ ചെയ്തില്ല. മാത്രമല്ല ഇതേ കരാറുകാർക്ക് പഞ്ചായത്തിലെ മറ്റ് വർക്കുകൾ തൻവർഷം അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

ഈ നടപടികളെല്ലാം പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കുവാൻ ഇടയാക്കിയെന്നതിനാൽ ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/10-11-2016) "കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ കരാറുകാർ നിശ്ചയിച്ചിരുന്ന സമയത്തോ പിന്നീട് നീട്ടി നൽകിയ സമയത്തോ ടെൻഡർ ഡോക്യുമെന്റുകൾ ഹാജരാക്കാതിരുന്ന സാഹചര്യത്തിലാണ് ശ്രീ ചന്ദ്രശേഖരനുണ്ണിത്താൻ സമർപ്പിച്ച എസ്റ്റിമേറ്റ് നിരക്കിലുള്ള ടെൻഡർ 26/09/5 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എൻജിനീയർ മറുപടി നൽകി. "റോഡിന്റെ മോശമായ അവസ്ഥയും അടുത്ത് വരുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പും പരിഗണിച്ച് എസ്റ്റിമേറ്റ് നിരക്കിലുള്ള ടെൻഡർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയാണ് ഉണ്ടായതെന്ന് "ടിയാൻ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ടെന്റർ ഡോക്യുമെന്റുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് കരാറുകാർക്ക് കത്ത് നൽകിയ 26/9/15 ൽ തന്നെ എസ്റ്റിമേറ്റ് നിരക്കിലുള്ള ശ്രീ.ചന്ദ്രശേഖരനുണ്ണിത്താന്റെ ടെൻഡർ അംഗീകരിക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചിരിക്കെ, നീട്ടി നൽകിയ സമയത്തും ടെൻഡർ ഡോക്യുമെൻറുകൾ ഹാജരാക്കാത്ത സാഹചര്യത്തിലാണ് എസ്റ്റിമേററ് നിരക്കിലുള്ള ടെൻഡർ പഞ്ചായത്ത് കമ്മിറ്റി അഗീകരിച്ചതെന്ന നിർവ്വഹണ ഉദ്യേഗസ്ഥന്റെ മറുപടിയും, റീ-ടെൻഡർ ചെയ്യാതിരുന്നതിന് ചൂണ്ടിക്കാട്ടിയ കാരണവും അംഗീകരിക്കത്തക്കതല്ല. കൂടാതെ രേഖകൾ

ഹാജരാക്കാതെ പഞ്ചായത്തിനെ തെറ്റിധരിപ്പിച്ചതായി പറയുന്ന കരാറുകാർക്കെതിരെ നടപടിയൊന്നും സ്വീകരിക്കാതിരുന്നതിനും വിശദീകരണം ഇല്ല.

ക്രമ പ്രകാരമല്ലാത്ത നടപടികൾ മൂലം പഞ്ചായത്തിന് അധിക ചെലവായ 4,11,301/-(2178501x18.88%) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും, തീരുമാനം കൈക്കൊണ്ട 26/09/2015 ലെ യോഗത്തിൽ പങ്കെടുത്ത പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും ഇടാക്കേണ്ടതാണ്.

## 3-2 കുറഞ്ഞനിരക്കിലുള്ള ടെൻഡർ ഒഴിവാക്കി മരാമത്ത് പണികളുടെ നിർവ്വഹണം- പഞ്ചായത്തിന് 244723 രൂപയുടെ അധികച്ചെലവ്

2015-16 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന വർക്കുകൾക്കായി 28/7/2015 ൽ ടെണ്ടർ ക്ഷണിക്കുകയും എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞനിരക്കിൽ ഓരോ ടെൻഡർ വീതം ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികൾക്കായി സിംഗിൾ ടെൻഡർ മാത്രമേ ലഭിച്ചുള്ളൂ എന്ന കാരണത്താൽ പ്രസ്തുത പ്രവൃത്തികൾ റീടെൻഡർ ചെയ്യുകയും ആദ്യം ലഭിച്ച ടെൻഡറിനേക്കാൾ ഉയർന്ന നിരക്കിൽ പ്രവൃത്തിനിർവ്വഹണം കരാറുകാരെ ഏൽപ്പിക്കുകയും ചെയ്തു. ഇപ്രകാരം ഉയർന്ന നിരക്കിൽ മരാമത്ത് പണികൾ നിർവ്വഹിക്കുക വഴി പഞ്ചായത്തിന് 244723 രൂപയുടെ അധികച്ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർക്കിന്റെ പേരും പ്രോജക്ട് നംപരും | എസ്റ്റിമേറ്റ് തുക | ടെണ്ടർ സമർപ്പിച്ച കരാറുകാരന്റെ പേരും നിരക്കും (കുറവ്) | റി ടെണ്ടർ സമർപ്പിച്ച കരാറുകാരന്റെ പേരും നിരക്കും (കുറവ്) | വർക്കിന്റെ മൂല്യനിർണ്ണയ തുക | ടെൻഡർ കുറവിനത്തിൽ ആദ്യ കരാറുകാരനിൽ നിന്ന് ഈടാക്കാ മായിരുന്നതുക | ടെൻഡർ കുറവിനത്തിൽ വർക്കേറ്റെടുത്ത കരാറുകാരനിൽ നിന്ന് ഈടാക്കിയ തുക | അധിക ചെലവ് | ചെക്ക്/ഡി.ഡി നം/തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | സി.ബി.എം. ജംഗ്ഷൻ- ചാമവിള റോഡ് പുനരുദ്ധാരണം(129/16) | 341000 | ബി.പ്രകാശ് 20.1% കുറവ് | ആകർഷ് കുമാർ 1% കുറവ് | 290809 | 58453 | 2908 | 55545 | 63566/ 1-1-16 |
| 2 | വെട്ടിത്തിരിച്ചതിൽ മുക്ക്- പുലിക്കുന്ന് പടിഞ്ഞാറേ മല റോഡ് റിടാറിംഗ്(143/16) | 450000 | ബി.പ്രകാശ് 14.1% കുറവ് | എൻ .ഗോപാല കൃഷ്ണകുറുപ്പ് 5.9% കുറവ് | 449767 | 63417 | 26536 | 36881 | 60134/ 24-3-2016 |
| 3 | തട്ടാരുടെ വടക്കേതിൽ മുക്ക് -പറപ്പെട്ടി മേലേതിൽ റോഡ് പുനരുദ്ധാരണം(140/16) | 420000 | എൻ യശോധരൻ 10.1% കുറവ് | ആകർഷ് കുമാർ 1% കുറവ് | 414577 | 41872 | 4146 | 37726 | 63806/ 25-1-16 |
| 4 | ആർ.സി.വി.എൽ.പി.എസ്- വടക്കേത്തററോഡ് പുനരുദ്ധാരണം (141/16) | 450000 | ബി.പ്രകാശ് 18.1% കുറവ് | വിനോദ്കുമാർ ബി 1% കുറവ് | 447325 | 80966 | 4473 | 76493 | 63561/1-1-16 |
| 5 | മലയിൽ- രണ്ടുതുണ്ടിൽ റോഡ് പുനരുദ്ധാരണം (138/16) | 350000 | ബി.പ്രകാശ് 12.1% കുറവ് | ചന്ദ്രശേഖരനുണ്ണിത്താൻ 0.5% കുറവ് | 328254 | 39719 | 1641 | 38078 | 59539/ 25-2-16 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| ആകെ | | | | | | | | 244723 | |

15/07/2015 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം (ഇനം2-8) 31.08.2015 വരെ ലഭിക്കുന്ന എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള സിംഗിൾ ടെൻഡറുകൾ സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അനുവദിച്ചു കൊണ്ട് ചീഫ് എൻജിനീയർ ഉത്തരവായിരുന്നു (ഉത്തരവ് നം ഡിബി3/753/12/സി ഇ/ത.സ്വഭവ/28/07/2015). ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചില വർക്കുകളുടെ 31/08/15 ന് മുൻപ് ലഭിച്ച സിംഗിൾ ടെൻഡർ അംഗീകരിച്ച് പഞ്ചായത്തിൽ വർക്ക് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

ഉദാ: കൊച്ചുതുണ്ടിൽ മുക്ക് - കുറ്റിവേലി തെക്ക് മുക്ക് റോഡ് പുനരുദ്ധാരണം - പഞ്ചായത്ത് കമ്മിറ്റിയുടെ 18/08/15 ലെ 1/1/15-ാം നമ്പർ തീരുമാന പ്രകാരം സിംഗിൾ ടെൻഡർ അംഗീകരിച്ചു.

കൂടാതെ മുകളിൽ പ്രതിപാദിച്ച 5വർക്കുകൾക്ക് റീ ടെൻഡറിലും സിംഗിൾ ടെൻഡറാണ് ലഭിച്ചിട്ടുള്ളത്. ഇതിലേക്ക് ആദ്യ ടെൻഡറിൽ വളരെ കുറഞ്ഞ നിരക്കിൽ ടെൻഡറുകൾ ലഭിച്ചിരിക്കെ ആയത് പരിഗണിക്കാതെയും നിർവ്വഹണത്തിന് മതിയായ സമയമുണ്ടായിട്ടും പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യം പരിഗണിച്ച് വിപുലമായ പരസ്യം നൽകി റീ-ടെൻഡർ ചെയ്യാതെയും വർക്കിന്റെ നിർവ്വണം നടത്തുക വഴിയാണ് പഞ്ചായത്തിന് 2.45 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളത്.

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:6/10-11-16) പ്രസ്തുത പ്രവൃത്തികൾക്കായി വിതരണം ചെയ്ത ടെൻഡർ ഫാറങ്ങൾക്കനുസരിച്ച് മത്സര സ്വഭാവമുള്ള ടെൻഡറുകൾ ലഭിച്ചില്ലെന്നതിനാൽ ലഭിച്ച സിംഗിൾ ടെൻഡറുകൾ ഒഴിവാക്കി റീ-ടെൻഡർ ചെയ്യുകയാണുണ്ടായതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. റീ-ടെൻഡറിലും സിംഗിൾ ടെൻഡർ മാത്രമാണ് ലഭിച്ചതെങ്കിലും പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം വന്നാൽ പദ്ധതികൾ നടപ്പാക്കാൻ കാലതാമസം നേരിടും എന്നത് കണക്കിലെടുത്ത് 8/9/15 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി (തീരുമാന നം:I/1/2015) വർക്കുകളുടെ നിർവ്വഹണം ടി കരാറുകാരെ ഏൽപ്പിക്കുകയാണുണ്ടായതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ആദ്യം ലഭിച്ച ടെൻഡറുകളെല്ലാം എസ്റ്റിമേറ്റിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലുള്ളവയായിരുന്നു. 31/08/15 വരെ ലഭിക്കുന്ന എസ്റ്റിമേറ്റ് നിരക്കിൽ കുറഞ്ഞ ടെൻഡറുകൾ അംഗീകരിക്കാൻ സർക്കാർ അനുമതിയും ഉണ്ടായിരുന്നു. ഈ ഉത്തരവ് അനുസരിച്ച് പഞ്ചായത്തിൽ മറ്റ് പല വർക്കുകളുടേയും ഇക്കാലയളവിൽ ലഭിച്ച സിംഗിൾ ടെൻഡർ അംഗീകരിച്ച് വർക്കിന്റെ നിർവ്വഹണം നടത്തിയിട്ടുമുണ്ട്. അങ്ങനെയിരിക്കെ വിതരണം ചെയ്ത ടെൻഡർ ഫാറങ്ങൾ ക്കനുസരിച്ച് ടെൻഡറുകൾ ലഭിച്ചില്ല എന്ന കാരണത്താൽ അവ ഒഴിവാക്കിയെന്ന എഞ്ചിനീയറുടെ മറുപടി അംഗീകരിക്കത്തക്കതല്ല. കൂടാതെ മതിയായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകാരനെ ക്കൊണ്ട് എഗ്രിമെന്റ് ചമച്ചും, പെർഫോമൻസ് ഗ്യാരന്റി ഈടാക്കിയും വർക്കിന്റെ ഗുണ നിലവാരം ഉറപ്പാക്കുവാനും കഴിയുമായിരുന്നു. എന്നാൽ ഈ സാധ്യതകൾ ഉപയോഗപ്പെടുത്തിയിട്ടില്ല. അധിക ചെലവായ 244723രൂപ മേൽ കാരണത്താൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-3 എഗ്രിമൻറ് പ്രകാരമുള്ള പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും വർക്കുകൾ ആരംഭിച്ചിട്ടില്ല

2015 – 16 വർഷം തയ്യാറാക്കി അംഗീകാരം വാങ്ങിയ താഴെപ്പറയുന്ന വർക്കുകളുടെ നിർവ്വഹണം എഗ്രിമെൻറ് വച്ച് കരാറുകാരനെ/കൺവീനറെ ഏൽപ്പിച്ചുവെങ്കിലും നാളിതുവരെ (11/2016) ഈ വർക്കുകൾ ആരംഭിച്ചിട്ടില്ല.

| ക്രമ നം | വർക്കിന്റെ പേരും പ്രോജക്ട് നംമ്പരും | എസ്റ്റിമേറ്റ് തുക | കരാറുകാരന്റെ/ കൺവീനറിന്റെ പേര്, നിരക്ക് | എഗ്രിമെൻറ്/ തീയതി | വർക്ക് പൂർത്തീകരിക്കേണ്ട തീയതി |
|---|---|---|---|---|---|
| 1 | പുന്നവിള പടിഞ്ഞാറ്മുക്ക് | 720000 | പി.ആകർഷ് കുമാർ | 21/10-9-15 | 10-1-16 |

| | | | | | |
|---|---|---|---|---|---|
| | മുകളുവിള കിഴക്കേ മുക്ക് റോഡ് പുനരുദ്ധാരണം (142/16) | | 17.21% കുറവ് | | |
| 2 | പൊതുകിണർ മെയിൻറൻസ് - മുകളുവിള പാലമുക്ക് കിഴക്ക് (150/16) | 50000 | ബി.ബിനു (കൺവീനർ) | 9/15-16 1/9/16 | 31/3/16 |

പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പ്രസ്തുത പ്രവർത്തികൾ ആരംഭിക്കാതിരുന്ന വ്യക്തിക്കെതിരെ ഏതെങ്കിലും തുടർനടപടി സ്വീകരിച്ചതായി ഫയലിൽ രേഖയില്ല. വർക്ക് ആരംഭിക്കാൻ കഴിയാത്തതിനുള്ള കാരണം ചൂണ്ടിക്കാട്ടി അവർ അപേക്ഷ സമർപ്പിച്ചിട്ടും ഇല്ല. വർക്ക് ഏറ്റെടുത്ത് എഗ്രിമെൻറ് ചമച്ച വ്യക്തികൾ ഒരു വർഷത്തിനുശേഷവും വർക്ക് ആരംഭിക്കാതിരുന്നിട്ടും അവർക്കെതിരെ നടപടിയൊന്നും സ്വീകരിക്കാതിരുന്നതിൻമേൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 13/11-11-2016) നാട്ടുകാരിൽ നിന്നുണ്ടായ ചില എതിർപ്പുകളെ തുടർന്നാണ് ക്രമനം (1) പ്രകാരമുള്ള കരാർ പ്രവർത്തികൾ ആരംഭിക്കാതിരുന്നതെന്നും ഗുണഭോക്തൃ സമിതി ഏറ്റെടുത്ത പ്രവൃത്തിയിൽ നിരന്തരം ആവശ്യപ്പെട്ടിട്ടും അവരുടെ ഭാഗത്തു നിന്നും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ലാ എന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. എന്നാൽ മറുപടിയിൽ പ്രതിപാദിക്കുന്ന രേഖകളൊന്നും ഫയലിൽ ഇല്ലാത്തതിനാൽ ഇതിന്റെ നിജസ്ഥിതി വ്യക്തമല്ല. ആകയാൽ എഗ്രിമെൻറ് വച്ച ശേഷവും ആരംഭിക്കാതിരിക്കുന്ന ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 ഗ്രാമപഞ്ചായത്ത് കൗൺസിൽ ഹാൾ നവീകരണം- പാനലിംഗിന് തെറ്റായ അളവിൽ തുക അനുവദിച്ചത് വഴി നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ കൗൺസിൽ ഹാൾ നവീകരണത്തിനായി തയ്യാറാക്കിയ 470000/-രൂപ അടങ്കലുള്ള പ്രോജക്ടിന്റെ (നം.186/15) നിർവ്വഹണം എസ്റ്റിമേറ്റ് നിരക്കിൽ ആകർഷ് കുമാർ എന്ന കരാറുകാരനെ ഏൽപ്പിച്ചിരുന്നു. എസ്റ്റിമേറ്റിലെ 6, 11, 12 എന്നീ ക്രമനമ്പർ പ്രകാരമുള്ള പ്രവൃത്തികളൊഴികെ ശേഷിച്ചവ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന് 3,20,233/- രൂപ മൂല്യനിർണ്ണയം നടത്തുകയും നികുതികൾ കഴിച്ച് 2,68,232/- രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. (ചെക്ക് നം.61009/31-03-2016) ഈ വർക്കിൻറെ 7-ാം ഇനമായി കൗൺസിൽ ഹാളിന്റെ ഭിത്തികൾ പാനലിംഗ് നടത്തിയത് 88.324 എം2 ആയി നിർണ്ണയിച്ച് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും (നം.48/15-16) ആയതിന് 1481.43/എം2 നിരക്കിൽ 130845.82/- രൂപ കരാറുകാരന് അനുവദിച്ച നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ പാനലിംഗ് നടത്തിയ അളവ് 81.28 എം2 മാത്രമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മൂല്യനിർണ്ണയത്തിൽ വന്ന അപാകതവഴി കരാറുകാരന് 10435/-രൂപ അധികം നൽകിയിട്ടുണ്ട് (88.324-81.28 * 1481.43 = 10435/-രൂപ) ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഭൗതിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ വീണ്ടും പരിശോധനാ വിധേയമാക്കി ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയ ശേഷമേ ഫൈനൽ ബിൽ നൽകയുള്ളു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. വർക്കിന്റെ മൂല്യത്തിൽ അധികമായി ചെലവാക്കിയ 10435/- രൂപ മേൽ കാരണത്താൽ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-5 വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. വാഹന പരിപാലനം സംബന്ധിച്ച സർക്കുലർ നം. 41/2008/ധനം. 2.8.2008 ലെ നിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിച്ചിട്ടില്ല.

ആറ് മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല. മാസാവസാനം ഇന്ധന ഉപയോഗത്തിന്റെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിന്റെ അറ്റകുറ്റപ്പണി നടത്തിയതിന്റെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. യാത്ര ചെയ്ത തീയതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തലും നടത്തുന്നില്ല. ഇലക്ഷൻ ആവശ്യത്തിനായി വാഹനം ഉപയോഗിച്ചിട്ടുള്ളതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകളുണ്ടെങ്കിലും വാഹനം റിട്ടേണിംഗ് ഓഫീസർക്ക് വിട്ട് നൽകിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതേ അപാകങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു വെങ്കിലും അവ പരിഹരിക്കുന്ന തിൽ യാതൊരു നടപടികളും നാളിതുവരെ സ്വീകരിച്ചിട്ടില്ല. ലോഗ് ബുക്ക് സർക്കാർ നിർദ്ദേശാനുസരണം തയ്യാറാക്കി സൂക്ഷിക്കുന്നതിലേക്ക് അടിയന്തിര നടപടി സ്വീകരിക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 തെരുവ് വിളക്കുകൾക്ക് മീറ്ററില്ല:വൻതുക കറണ്ട് ചാർജ്ജ് ഒടുക്കുന്നു

തെരുവ് വിളക്ക് കറണ്ട് ചാർജ്ജിനത്തിൽ പഞ്ചായത്തിൽ മാസം തോറും 75434/-രൂപ കെ.എസ്.ഇ.ബിയിൽ അടച്ച് വരുന്നുണ്ട്. കെ.എസ്.ഇ.ബി കണക്കുകൾ പ്രകാരം 40W ഓർഡിനറി ബൾബുകൾ 186എണ്ണത്തിന്റെയും 60 W ഓർഡിനറി ബൾബുകൾ 150എണ്ണത്തിന്റെയും കറണ്ട് ചാർജ്ജിനത്തിനത്തിലുള്ള 25446/-രൂപയും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ തൻവർഷം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഓർഡിനറി ബൾബുകൾ മാറിയിട്ടില്ല. കൂടാതെ ഇക്കാലയളവിൽ ഓർഡിനറി ബൾബുകൾ ഒന്നും പഞ്ചായത്തിൽ വാങ്ങിയിട്ടുമില്ല. ഓർഡിനറി ബൾബുകൾ ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഉപയോഗത്തിൽ ഇല്ലായിരിക്കെ തെരുവ് വിളക്കുകളുടെ യഥാർത്ഥ എണ്ണം, ഇനം എന്നിവയ്ക്ക് ആനുപാതികമായല്ല കെ.എസ്.ഇ.ബി കറണ്ട് ചാർജ്ജ് ഈടാക്കുന്നത് എന്നും ഇതിൽ നിന്ന് വ്യക്തമാകുന്നു. പഞ്ചായത്തിലെ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് നാളിതുവരെ കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2007-08 വർഷം തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി 455000/-രൂപ (ഡിഡി നം.500121/31.3.08) അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിൽ അടച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതുവരെ കെ.എസ്.ഇ.ബിയുമായി കരാറിൽ എർപ്പെട്ടിട്ടില്ലാ എന്നും അതിനാൽ പ്രവർത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല എന്നും കരാറിൽ അടിയന്തിരമായി ഏർപ്പെടേണ്ടതാണെന്നും കെ.എസ്.ഇ.ബി എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് 25.10.16 ൽ അയച്ച കത്തിൽ രേഖ പ്പെടുത്തിയിരിക്കുന്നു. കെഎസ് ഇബിയിൽ ഇപ്രകാരം തുക നൽകിയതായി ഡി.ഡി രജിസ്റ്ററിൽ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് രേഖകളൊന്നും ഇത് സംബന്ധമായി ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. അതിനാൽ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന തുക വർഷങ്ങളായി നിക്ഷേപം മാത്രമായി അവശേഷിക്കുന്നു. ഇത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുന്നതിൽ വന്ന വീഴ്ച മൂലം തെരുവ് വിളക്ക് വൈദ്യുത ചാർജ്ജിനത്തിൽ വർദ്ധിച്ച തുക അടയ്ക്കേണ്ടി വരുന്നു. തെരുവ് വിളക്കുകൾക്ക് മീറ്റർ ഏർപ്പെടുത്തി കറണ്ട് ചാർജ്ജ് ലഘൂകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിന്മേൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 സ്റ്റാമ്പ് വാങ്ങിയത് - നടപടി ക്രമങ്ങൾ പാലിച്ചില്ല

പോസ്റ്റ് ഓഫീസിൽ നിന്ന് സ്റ്റാമ്പ് വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും പിൻവലിച്ച തുകയിൽ സ്റ്റാമ്പ് വാങ്ങിയതിന് ശേഷമുള്ള തുക അക്കൗണ്ട് ചെയ്യാതെ ക്യാഷ് ആയി സൂക്ഷിക്കുന്നുവെന്ന് പരിശോധനയിൽ വ്യക്തമായി. വിശദ വിവരം താഴെ ചേർക്കുന്നു.

| പിൻവലിച്ച തുക | വൗച്ചർനം./തീയതി | റിമാർക്സ് |
|---|---|---|
| 7000/- | 21500223/9.715 | 2000/- രൂപയുടെ സ്റ്റാമ്പ് വാങ്ങിയതായും 5000/-രൂപ പണമായി |

| | | |
|---|---|---|
| | | സൂക്ഷിച്ചിട്ടുള്ളതായും സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. |
| 5000/- | 21500274/1.8.15 | സ്റ്റാമ്പ് അക്കൗണ്ട് രജി സ്റ്ററിൽ ക്യാഷ് ആയി രേഖപ്പെടുത്തിയിരിക്കുന്നു. |
| 2000/- | 21500727/15.1.2016 | സ്റ്റാമ്പ് വാങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നു. |

ക്യാഷ് ആയി സൂക്ഷിച്ചിട്ടുള്ള തുകകൾ ക്യാഷ് ബുക്കിലെ നീക്കിയിരിപ്പിൽ ഉൾപ്പെടുത്താതെ അത് മുഴുവൻ ചെലവായി രേഖപ്പെടുത്തുകയാണുണ്ടായത്. മാത്രമല്ല, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ വാങ്ങിയ സ്റ്റാമ്പിന്റെ ഡിനോമിനേഷൻ രേഖപ്പെടുത്തിയിട്ടുമില്ല. അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/9.11.16) ഹാജരാക്കിയ മറുപടിയിൽ രജിസ്റ്റേഡ് തപാൽ അയയ്ക്കുന്നതിന് സ്റ്റാമ്പിന് പകരം പണം നൽകണമെന്ന് നൂറനാട് പോസ്റ്റ് ഓഫീസിൽ നിന്ന് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക പണമായി സൂക്ഷിച്ചിരുന്നത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇത് തൃപ്തികരമായ മറുപടിയല്ല. ഇംപ്രസ്റ്റിന് പുറമെ ഇപ്രകാരം തുക പണമായി സൂക്ഷിക്കുന്നതിന് വ്യവസ്ഥയില്ല. ആകയാൽ ഈ നടപടി അവസാനിപ്പിക്കേണ്ടതും പിൻവലിച്ചതിൽ മിച്ചമുള്ള തുക തിരിച്ചടക്കേണ്ടതുമാണ്.

## 3-8 ഔഷധക്കഞ്ഞി വിതരണം -ചെലവ് രേഖകൾ പൂർണ്ണമല്ല

NRHM ആയുർവേദ ഹോസ്പിറ്റലിൽ ഔഷധക്കഞ്ഞി വിതരണം നടത്തുന്നതിനുള്ള സാധനങ്ങൾ വാങ്ങിയതിന് 13435/-രൂപ (vr.no. 21500340/26.8.15) തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഇതിനായി പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. പദ്ധതി മാർഗ്ഗ രേഖകൾ പ്രകാരം ഇപ്രകാരം ഒരു ഇനത്തിനായി തുക ചെലവഴിക്കാൻ പാടുള്ളതല്ല. മാത്രമല്ല, ഔഷധക്കഞ്ഞി തയ്യാറാക്കുന്നതിന് ആവശ്യമായ ഔഷധങ്ങൾ വാങ്ങിയതിന്റെ രേഖകൾ, വിതരണ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. ഔഷധങ്ങൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയ ഒരു ലിസ്റ്റ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഇത് വിതരണ രേഖയായി അംഗീകരിക്കുന്നില്ല. മാത്രമല്ല ഔഷധക്കഞ്ഞി വിതരണം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ ഔഷധക്കഞ്ഞി വിതരണം ചെയ്യുന്നതിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-9 വാടകയ്ക്ക് നൽകിയ കടമുറികളുടെ കറണ്ട് ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് അടച്ചു

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ മാവേലി സ്റ്റോർ 30.6.2015 വരെ മാത്രമേ പ്രവർത്തിച്ചിരുന്നു. എന്നാൽ മാവേലി സ്റ്റോർ പ്രവർത്തിച്ചിരുന്ന കടമുറിയുടെ 22.4.15 മുതൽ 22.6.15 വരെയുള്ള കറണ്ട് ചാർജ്ജ് 106 രൂപയും ഇക്കാലയളവിൽ തന്നെ സ്റ്റോറിന്റെ കറണ്ട് ചാർജ്ജായി 515 രൂപയും തനത് ഫണ്ടിൽ നിന്ന് അടച്ചിട്ടുണ്ട്. എന്നാൽ സ്റ്റോർ പ്രവർത്തിച്ചിരുന്ന കാലയളവിൽ കറണ്ട് ചാർജ്ജ് അടയ്ക്കേണ്ട ചുമതല സിവിൽ സപ്ലൈസ് കോർപ്പറേഷന്റേതായിരുന്നു. ടി തുക തിരികെ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

കാന്റീൻ നടത്തിപ്പിനായി സൗജന്യമായി കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുള്ള സദ്യാലയത്തിന്റെ കറണ്ട് ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് അടച്ച് വരുന്നു. എന്നാൽ വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ കറണ്ട് ചാർജ്ജ് അടയ്ക്കുന്നതിനുള്ള ചുമതല മാത്രമേ ഗ്രാമപഞ്ചായത്തുകൾക്കുള്ളൂ. ദിവസേന വിറ്റ് വരവുള്ള കാന്റീന്റെ കറണ്ട് ചാർജ്ജ് അത് നടത്തുന്നതിന് ചുമതലയുള്ള കുടുംബശ്രീ ഗ്രൂപ്പുകൾ തന്നെ അടയ്ക്കേണ്ടതാണ്. അതിനാൽ തനത് ഫണ്ടിൽ നിന്ന് ഈ

ഇനത്തിനായി തുക ചെലവഴിക്കാവുന്നതല്ല. വൈദ്യുതി ചാർജ്ജ് കാന്റീൻ നടത്തിപ്പുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-10 പണം നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും കുടിവെള്ള പദ്ധതികൾ പ്രാവർത്തികമായില്ല

പട്ടിക ജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾക്കായി ഭൂജല വകുപ്പിൽ തുക മുൻകൂറായി നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പല പദ്ധതികളും പ്രാവർത്തികമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ഇനം | പ്രോജക്ട് നം. | ഡിഡി. നം./തീയതി | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2012-13 | ചാരും വിള(ഏലക്കോട് ) കോളനി കുടിവെള്ള പദ്ധതി(കഞ്ചുകോട് വാർഡ്) | 152/13 | | 77000/-(ഒന്നാം വർഷ വിഹിതം) | പൂർത്തീകരിച്ചിട്ടില്ല |
| 2 | 2013-14 | ചാരും വിള(ഏലക്കോട് ) കോളനി കുടിവെള്ള പദ്ധതി(കഞ്ചുകോട് വാർഡ്) | 105/14 | | 150000/-(രണ്ടാം വർഷം) | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| 3 | 2013-14 | പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതികൾ(scp) 1)കടുകമ്പിനാൽ മല-കോളനി(മറ്റപ്പള്ളി വാർഡ്) 2)തടത്തിൽ കോളനി (ഫാക്ടറി വാർഡ്)(ഒന്നാം വർഷ വിഹിതം) | 154/14 | 1600000/- | 284442/ 23.1.14 607261/ 22.214 | പ്രവർത്തി തുടരുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| 4 | 2014-15 | പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതികൾ(scp)<br>1) തടത്തിൽ കോളനി (ഫാക്ടറി വാർഡ്)(രണ്ടാം വർഷ വിഹിതം) | 61/15 | 718680/31.10.14 | 200000/- | പ്രവർത്തി തുടരുന്നു. |
| 5 | 2015-16 | പട്ടിക ജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ(SCP) | S0021/16 | 061307/<br>13.4.16 | 741122/- | 2016 ഒക്ടോബർ 31 നകം പ്രവർത്തിപൂർത്തീ കരിക്കുന്നതിനായി കരാർ വെച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീ കരിച്ചിട്ടില്ല |
| 6 | 2015-16 | പട്ടിക ജാതി കോളനികളിലെ കുടിവെള്ള പദ്ധതി കളുടെ അറ്റകുറ്റ പ്പണികൾ (SCP) | S0024/16 | 061306/13.4.16 | 309141/- | 2016 സെപ്റ്റംബർ 30നകം പ്രവർത്തി<br>പൂർത്തീകരിക്കുന്നതിനായി കരാർ വെച്ചിരുന്നെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചില്ല |

പദ്ധതികൾ കരാർ പ്രകാരം പൂർത്തീകരിക്കാതിരുന്നിട്ടും ഭൂജല വകുപ്പുമായി യാതൊരു കത്തിടപാടുകളും പഞ്ചായത്ത് നടത്തിയിട്ടില്ല. കുടിവെള്ളക്ഷാമം രൂക്ഷമായ പഞ്ചായത്തിലെ പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ കാരണത്താൽ 2015-16 വർഷം കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് മുൻകൂറായി നിക്ഷേപിച്ച 1050263/- (ക്രമ നമ്പർ 5,6) രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 ഐ.എ.വൈ പദ്ധതി വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

ഐഎവൈ ഭവന പദ്ധതി നടപ്പാക്കുന്നതിന് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക | ബിൽ നം./ തീയതി |
|---|---|---|
| ഐ.എ.വൈ ഭവന പദ്ധതി(ജനറൽ) (S0111/16) | 74237/- | 061194/31.3.16 |
| ഐഎവൈ ഭവന പദ്ധതി(SCP) | 799836/- | 060767/31.3.16 |

| | | |
|---|---|---|
| (S0112/16) | | |
| ആകെ | 874073/- | |

എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇക്കാരണത്താൽ 874073/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ഇലക്ഷൻ മുന്നൊരുക്കങ്ങൾക്കായി ലഭിച്ച തുക അക്കൗണ്ട് ചെയ്യപ്പെട്ടില്ല

തദ്ദേശഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ബൂത്ത് ഒന്നിന് എഴുനൂറ് രൂപ ക്രമത്തിൽ മുപ്പത്തിയെട്ട് ബൂത്തുകൾക്കായി 26600 രൂപ 3/11/2015ൽ പാലമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നേരിട്ട് നൽകിയിരുന്നു. ഈ തുക പഞ്ചായത്ത് അക്കൌണ്ടിൽ വരവ് വന്നിട്ടില്ല. ഇതിന്റെ ചെലവ് വിവരവും ലഭ്യമല്ല. ഇത് സംബന്ധിച്ച് 11/11/2016 ൽ നൽകിയ ആഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭിച്ചിട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്ന് 166058 രൂപ പല തീയതികളിൽ ഇലക്ഷൻ മുന്നൊരുക്കങ്ങൾക്കായി ചെലവ് ചെയ്തിട്ടുണ്ട് (ശീർഷകം-220700101). ചെലവ് രേഖകൾ ബ്ലോക്ക് പഞ്ചായത്തിൽ നൽകിയതായി സെക്രട്ടറി വാക്കാൽ അറിയിച്ചെങ്കിലും പകർപ്പ് ആഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വരവ് ചെലവുകൾ അക്കൗണ്ട്സിൽ ഉൾപ്പെടുത്താതിരുന്നതിനെ കുറിച്ച് ഭരണസമിതിയും ഭരണവകുപ്പും അന്വേഷിക്കുവാൻ ശുപാർശ ചെയ്യുന്നു.

## 3-13 ആശ്രയ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് അവഗണിക്കുന്നു

ഒന്നാം ഘട്ട പദ്ധതി

ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതി ആരംഭിച്ചത് 2003-04 വർഷമായിരുന്നു. 2007-08 വർഷം അവസാനിക്കത്തക്ക വിധമാണ് പദ്ധതി ആവിഷ്ക്കരിച്ചത്. ചലഞ്ച് ഫണ്ടിനത്തിൽ 10 ലക്ഷം രൂപ ഉൾപ്പടെ 40 ലക്ഷം രൂപ വകയിരുത്തി 55 ഗുണഭോക്താക്കൾക്ക് പരിചരണസേവന പാക്കേജ് നടപ്പിലാക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. പദ്ധതി പ്രകാരം 2241704 രൂപ ലഭിച്ചതിൽ 2116704 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് വീട്, ഭൂമി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നൽകിയെങ്കിലും പിന്നീട് പദ്ധതി പ്രവർത്തനങ്ങൾ മന്ദീഭവിച്ചു. 2010-11-ൽ റീവിസിറ്റ് നടത്തി പുനക്രമീകരിച്ച പദ്ധതി പ്രകാരം 42 അഗതി കുടുംബങ്ങളാണുള്ളത്.

ആശ്രയമാകാതെ ആശ്രയ - നിലവിൽ ആശ്രയ പദ്ധതി സ്തംഭനാവസ്ഥയിലാണ്. 2014 ഡിസംബർ വരെ മാത്രമാണ് ഭക്ഷണ വിതരണം നടത്തിയിട്ടുണ്ട്. ഇക്കാലയളവിൽ നാമമാത്രമായ തുക ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും വേണ്ടി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇതര സേവനങ്ങൾ ഒന്നും നൽകിയില്ല. 2015ജനുവരി മുതൽ നാളിതുവരെ ഭക്ഷണവിതരണം നടത്തിയിട്ടില്ല. 2015ജനുവരിയ്ക്ക് ശേഷം വീട് പുനരുദ്ധാരണത്തിന് വേണ്ടി നാല് പേർക്ക് 25000 രൂപ വീതം (2015-16ൽ) നല്കിയത് മാത്രമാണ് നാളിതുവരെ ചെയ്തിട്ടുള്ളത്. സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നില്കുന്ന ആലംബഹീനരായ വ്യക്തികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാതെ തുടരുന്നത് തികഞ്ഞ അലംഭാവമാണ്.

ആശ്രയ പദ്ധതി ഗുണഭോക്താവായ ശ്രീമതി വത്സല,പുത്തൻപുരയ്ക്കൽ, ആദിക്കാട്ടുകുളങ്ങര എന്ന വ്യക്തിക്ക് വീട് നിർമ്മിക്കുന്നതിനായി 2010-11 ൽ ജില്ല പഞ്ചായത്തിൽ നിന്ന് ലഭിച്ച 125000 രൂപ യഥാസമയം വിനിയോഗിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. പിന്നീട് ഈ ഗുണഭോക്താവ് മരിച്ചുപോയതിനാൽ ഈ തുക ശ്രീ.ചന്ദ്രൻപിള്ള കൈതവിളയിൽ, മുകളുവിള എന്ന വ്യക്തിക്ക് നല്കുന്നതിന് വേണ്ടി പ്രൊജക്റ്റ് നമ്പർ16/16 പ്രകാരം പിൻവലിച്ച് 25.11.2015ൽ ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഈ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുകയാണ്.

രണ്ടാം ഘട്ട പദ്ധതി

ആശ്രയ രണ്ടാംഘട്ടപദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 8450000 രൂപയാണ് വകയിരുത്തിയിട്ടുള്ള ഈ പദ്ധതിയിൽ ചലഞ്ച് ഫണ്ട് 410060 രൂപ 13.10.2016ൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

ആശ്രയ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്തും സി.ഡി.എസും സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ 30 അങ്കണവാടികളാണുള്ളത്. ഇവയിൽ സ്വന്തമായി കെട്ടിടമുള്ളത് 20 അങ്കണവാടികൾക്ക് മാത്രമാണ്. രണ്ടെണ്ണം വാടകയില്ലാതെയും എട്ടെണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടമില്ലാത്ത 6 അങ്കണവാടികളിൽ ടോയ്ലറ്റ് സൗകര്യം ഇല്ല. 21അങ്കണവാടികൾക്ക് വൈദ്യുതി സൗകര്യം ലഭിച്ചിട്ടില്ല. കുടിവെള്ളം ലഭ്യമാക്കിയിട്ടുള്ളത് 20 എണ്ണത്തിന് മാത്രമാണ്. 16 എണ്ണത്തിനു ചുറ്റുമതിൽ ഉണ്ട്. എല്ലാ അങ്കണവാടികൾക്കും ഗ്യാസ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 26 അങ്കണവാടികളുടെ കെട്ടിടം ഉപയോഗയോഗ്യമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 77,81,96,98 എന്നീ അങ്കണവാടികൾ പ്രവർത്തിക്കുന്ന വാടകക്കെട്ടിടങ്ങൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. 99-ാം നമ്പർ അങ്കണവാടി നിലവിൽ ഒരു ഷെഡ്ഡിലാണ് പ്രവർത്തിക്കുന്നത്. ഈ അങ്കണവാടിയ്ക്കു വേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് കാലയളവിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. എത്രയും പെട്ടെന്ന് പുതിയ കെട്ടിടത്തിലേക്ക് അങ്കണവാടിയുടെ പ്രവർത്തനം മാറ്റേണ്ടതാണ്. ഉപയോഗയോഗ്യമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് അനുയോജ്യമായ സ്ഥലം അടിയന്തിരമായി കണ്ടെത്തുന്ന തിലേക്കും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിലേക്കും ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. കുഞ്ഞുങ്ങളുടെ ആരോഗ്യവും മാനസികവളർച്ചയും പരിപോഷിപ്പിക്കു വാനാവശ്യമായ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കി അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമ മാക്കേണ്ടതാണ്.

## 3-15 വ്യത്യസ്ത കഴിവുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ -പദ്ധതി യഥാകാലം പൂർത്തിയായില്ല

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 70000രൂപയും ജില്ലാബ്ലോക്ക് വിഹിതങ്ങൾ 37500 രൂപ വീതവും ഉൾപ്പടെ ആകെ 145000 രൂപ വകയിരുത്തി വ്യത്യസ്ത കഴിവുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് (നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ). പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽനിന്നും 70000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 37500 രൂപയും 28 പേർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. ബ്ലോക്ക് വിഹിതം 37500 രൂപ വകയിരുത്തിയിരുന്നെങ്കിലും 06.04.2016ൽ മാത്രമാണ് ലഭിച്ചത്. യഥാസമയം ബ്ലോക്ക് വിഹിതം ലഭിക്കാഞ്ഞതിനാൽ ഇത് തൻവർഷം ഗുണഭോക്താക്കൾക്ക് നല്കാൻ സാധിച്ചിട്ടില്ല. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായി നടപ്പിലാക്കുന്നതിനും, അർഹമായ നിരക്കിൽ യഥാസമയം ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 കുടിവെള്ളകിണറിന് സബ്സിഡി - പരമാവധിയിൽ അധികമായി ആനുകൂല്യം നല്കി

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്ട് നം : / പേര് | 74 /16 കുടിവെള്ളക്കിണർ പട്ടികജാതി |
| ചെലവ്, ഫണ്ടിനം | 70000 വികസനഫണ്ട് (എസ്.സി.പി.) |
| ബിൽ നം : | 02/15-16 35000.00<br>06/15-16 17500.00<br>09/15-16 17500.00 |

| | |
|---|---|
| | |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കുടിവെള്ളക്കിണർ നിർമ്മാണത്തിന് മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 17000 രൂപയാണ് ഇടനാട് പരിധിയിൽ (ഈ പഞ്ചായത്ത് ഇടനാട്ടിൽ ഉൾപ്പെടുന്ന ഭൂഭാഗമാണ്) അനുവദിക്കാവുന്നത് എന്നിരിക്കെ 17500 രൂപ വീതം നാല് പേർക്ക് അനുവദിച്ചതിനാൽ 2000രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. ഈ വിഷയത്തിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/2016 തീയതി:10.11.2016) ഈ പഞ്ചായത്ത്, ആലപ്പുഴ ജില്ലയിലെ ആഴമേറിയ തുറന്ന കിണറുകൾ ഉള്ള പഞ്ചായത്തുകളിലൊന്നാണെന്ന ഭൂജലവകുപ്പിന്റെ കത്ത് ഹാജരാക്കുകയുണ്ടായി. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ഈ മറുപടി അംഗീകരിക്കാനാകില്ല. പഞ്ചായത്തിനുണ്ടായ അധികച്ചെലവ് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-17 മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

1)പ്രാഥമിക ആരോഗ്യകേന്ദ്രം

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ, S0014/16 |
| അടങ്കൽ തുക | 70000 (സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| ചെലവ് തുക | 70000 (ഡി.ഡി.നം: 063907/30.01.2016) |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിന് 70000 രൂപ നൽകിയതിൽ 31394 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. 38606 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

2)ഹോമിയോ

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, S0014/16 |
| അടങ്കൽ തുക | 50000 (സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| ചെലവ് തുക | 50000 (ബിൽ നം:14/ /29.12.2015) |

ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നല്കിയെങ്കിലും മരുന്ന ലഭിച്ചിട്ടില്ല.

നിർദ്ധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാകാത്തത് ഗൗരവകരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-18 ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 വർഷം നടപ്പാക്കിയ പദ്ധതികളുടെ ലഘു അവലോകനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻ വർഷം അംഗീകാരം നേടിയ പദ്ധതികളുടെ അവലോകനം - | 828 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം- | 448 |
| പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 448 |
| തൻ വർഷം തൊഴിലിനായി പുതുതായി രജിസ്റ്റർ ചെയ്തവരുടെ എണ്ണം | 179 |
| തൻ വർഷത്തെഉൾപ്പെടെ തൊഴിലിനായി രജിസ്റ്റർ ചെയ്തവരുടെ എണ്ണം | 6355 |
| 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയവരുടെ എണ്ണം | 448 |
| ഇഎഫ് എംഎസ് വഴി തൻ വർഷം വിതരണം ചെയ്ത തുക | 33284000 |
| അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 728490 |
| തിരിച്ചടച്ച തുക | 136344 |

തൻ വർഷം അംഗീകാരം ലഭിച്ചതിൽ 380 വർക്കുകൾ നടപ്പാക്കാൻ കഴിഞ്ഞില്ല എന്നതും രജിസ്റ്റർ ചെയ്ത 355 തൊഴിലാളികളിൽ 448 പേർക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ സാധിച്ചത് എന്നതും പോരായ്മയായി വിലയിരുത്തുന്നു. രജിസ്റ്റർചെയ്ത എല്ലാവർക്കും 100 തൊഴിൽ ദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ വിഭാഗത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19 നിഷ്ക്രിയമായി അവശേഷിക്കുന്ന റിവോൾവിംഗ് ഫണ്ട്

ജൈവവളം 520000 രൂപ കൂലിച്ചെലവ് 700000രൂപ റിവോൾവിംഗ് ഫണ്ട് 100000 രൂപ എന്നിങ്ങനെ 1320000 രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തി പച്ചകൃഷിവികസനം എന്ന പ്രൊജക്ട് (പ്രൊജക്ട് നമ്പർ : S0104/16) നടപ്പാക്കിയിട്ടുണ്ട്. പാലമേൽ എ ഗ്രേഡ് കർഷക ക്ലസ്റ്ററിന് വിപണി നടത്തുന്നതിന് വേണ്ടിയാണ് റിവോൾവിംഗ് ഫണ്ട് ഒരു ലക്ഷം രൂപ നല്കിയിരിക്കുന്നത്. എന്നാൽ ഈ തുക ഏത് രീതിയിൽ ചെലവഴിക്കണമെന്നത് സംബന്ധിച്ച് പ്രത്യേക പ്രൊജക്ടോ മാർഗ്ഗനിർദ്ദേശങ്ങളോ രൂപീകരിച്ചിട്ടില്ല. വിപണി സംബന്ധിച്ച ആവശ്യത്തിനായി റിവോൾവിംഗ് ഫണ്ടിനത്തിൽ പദ്ധതിപ്രകാരം ചെലവുണ്ടെങ്കിലും വിപണിയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. കർഷകസമിതിയുടെ അക്കൗണ്ടിൽ 27.04.2016 ൽ ലഭിച്ച ഈ തുക നാളിതുവരെയും വിനിയോഗിച്ചിട്ടില്ല. നിർദ്ദിഷ്ട ആവശ്യത്തിനായി തുക വിനിയോഗിക്കുന്നതിനും വിപണിയുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന - അപാകതകൾ

1) വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ/അരിയർ ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിച്ച് ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. ഇതുമൂലം വാർഷിക കണക്കിൽ ഈയിനത്തിലെ വരവ്, നീക്കിയിരുപ്പ് എന്നിവയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2) ആസ്തിരജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ബാലൻസ് ഷീറ്റിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | | |
|---|---|---|
| 1 | പദ്ധതി നം | 83/16(വ്യത്യസ്ത കഴിവുകളുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്) |
| 2 | ലഭിച്ച തുക | 37500 |
| 3 | ചെലവ്- | 37500 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ഇനം | പ്രോജക്ട് നം. | ഡിഡി. നം./തീയതി | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2012-13 | ചാരും വിള(ഏലക്കോട് ) കോളനി കുടിവെള്ള | 152/13 | | 77000/-(ഒന്നാം വർഷ വിഹിതം) | പൂർത്തീകരിച്ചിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | | പദ്ധതി(കഞ്ചുകോട് വാർഡ്) | | | | |
| 2 | 2013-14 | ചാരും വിള(ഏലക്കോട് )<br>കോളനി കുടിവെള്ള പദ്ധതി(കഞ്ചുകോട് വാർഡ്) | 105/14 | | 150000/-(രണ്ടാം വർഷം) | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| 3 | 2013-14 | പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതികൾ(scp)<br>1)കട്ടുകമ്പിനാൽ മല-കോളനി(മറ്റപ്പള്ളി വാർഡ്)<br>2)തടത്തിൽ കോളനി (ഫാക്ടറി വാർഡ്)(ഒന്നാം വർഷ വിഹിതം) | 154/14 | 1600000/- | 284442/23.1.14<br>607261/22.214 | പ്രവർത്തി തുടരുന്നു. |
| 4 | 2014-15 | പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതികൾ(scp)<br>1) തടത്തിൽ കോളനി (ഫാക്ടറി വാർഡ്)(രണ്ടാം വർഷ വിഹിതം) | 61/15 | 718680/31.10.14 | 200000/- | പ്രവർത്തി തുടരുന്നു. |
| 5 | 2015-16 | പട്ടിക ജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ(SCP) | S0021/16 | 061307/13.4.16 | 741122/- | 2016 ഒക്ടോബർ 31 നകം പ്രവർത്തി<br>പൂർത്തീകരിക്കുന്നതിനായി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | കരാർ വെച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 6 | 2015-16 | പട്ടിക ജാതി കോളനികളിലെ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പ്പണികൾ (SCP) | S0024/16 | 061306/13.4.16 | 309141/- | 2016 സെപ്റ്റംബർ30നകം പ്രവർത്തി<br>പൂർത്തീകരിക്കുന്നതിനായി കരാർ വെച്ചിരുന്നെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6 സ്ഥിരനിക്ഷേപങ്ങൾ

-ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 23 | 2003-04 | 23,50,53,54 | വിനോദനികുതി, കാർഷിക പദ്ധതിയിലെ അപാകങ്ങൾ | തുക തിരിച്ചടക്കാൻ ബന്ധപ്പെട്ടവർക്ക് പഞ്ചായത്ത് കത്ത് നൽകി |

## 4-9 ഓഡിറ്റ് പ്രത്യുവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53428929 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53101638 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 413301 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2192929 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 411301 | കെ.എം.രവി,അസി.എൻജിനീയർ, 26/9/2015 ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ |
| 3-2 | | 244723 | കെ.എം.രവി<br>അസി.എൻജിനീയർ, |
| 3-16 | | 2000 | ദിലീപ് കുമാർ. വി.ഇ.ഒ |
| ആകെ | | 413301 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 244723 | കെ.എം.രവി, അസി.എൻജിനീയർ, |
| 3-4 | 10435 | കെ.എം.രവി,അസി.എൻജിനീയർ, |
| 3-8 | 13435 | ബിന്ദുരാജ്.എം.എ, സെക്രട്ടറി |
| 3-10 | 1050263 | ബിന്ദുരാജ്.എം.എ, സെക്രട്ടറി |
| 3-11 | 874073 | ബിന്ദുരാജ്.എം.എ , സെക്രട്ടറി |
| ആകെ | 2192929 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ.എം രവി | അസിസ്റ്റന്റ് എഞ്ചിനീയർ, പാലമേൽ ഗ്രാമപഞ്ചായത്ത് | സൂര്യകാന്തി, മറ്റപ്പള്ളി, നൂറനാട് പി.ഒ |
| ശ്രീ.ബിന്ദുരാജ്. എം.എ | സെക്രട്ടറി,പാലമേൽ ഗ്രാമപഞ്ചായത്ത് | മണ്ണിൽ പറമ്പിൽ ഹൌസ്, KGRA-A-24, കൊട്ടുങ്ങന്നൂർ പി.ഒ, തിരുവനന്തപുരം |
| ശ്രീ. ദിലീപ് കുമാർ | വിഇഒ പാലമേൽ ഗ്രാമപഞ്ചായത്ത് | പള്ളിപ്പടീറ്റതിൽ, ചുനക്കര, ചാരും മൂട് പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07, 07-08, 08-09, 09-10 | എൽ.എഫ്.എ.1577/13/12.5.14 |
| 2010-11,11-12 | എൽ.എഫ്.എ .പി6-369/2014/9.6.14 |
| 2012-13 | എൽ.എഫ്.പി6—149/2015/30.03.15 |
| 2013-14 | എൽ.എഫ്.എ.പി6—1077/2015/1.9.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി6/823 /16/28.7.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്

നം. കെ.എസ്.എ-എ.എൽ.പി/ പി6/1332/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 2-12-2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

No. KSA-ALP/P6/1332/16

Kerala State Audit Department,
District Audit Office, Alappuzha.
Date: 2-12-2016.

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Palamel Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Palamel Gramapanchayat for the year 2015-16 except the observations in my audit report para 4-1 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha.